(സി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെടാത്തവർ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളും പാസ്സായവരാണോ;

(ഡി) സംസ്ഥാനത്തെ മറ്റെല്ലാ കോർപ്പറേഷനുകളും ബോർഡുകളും പ്രൊമോഷൻതസ്തികകൾക്ക് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളും ബാധകമാക്കിയിരിക്കെ, ഈ കോർപ്പറേഷനിൽമാത്രം ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളും ബാധകമാക്കാത്തതിന്റെ കാരണമെന്ത്;

(ഇ) ഇതുമൂലം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള ഈ കോർപ്പറേഷനിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രൊമോഷൻ സാദ്ധ്യതകളും കുറയുകയും മറ്റുള്ളവർ കൂടുതൽ ആനുകൂല്യങ്ങളും തട്ടിയെടുക്കുകയും ചെയ്യുന്നുവെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) മറ്റുള്ള സ്ഥാപനങ്ങളിലെപ്പോലെ ഈ കോർപ്പറേഷനിലും ജൂനിയർസൂപ്രണ്ട്/അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, തസ്തികകൾക്ക് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് ബാധകമാക്കുകയും ടെസ്റ്റ് പാസ്സാകാത്ത പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവരെ തരംതാഴ്ത്തുകയും, പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അസിസ്റ്റന്റ് അക്കൗണ്ടന്റുമാരെ ടെസ്റ്റ് പാസ്സാകുന്നതിൽനിന്നും ഇളവു കല്പിച്ച് സ്ഥാനക്കയറ്റം നൽകുകയും ചെയ്യാൻ കോർപ്പറേഷനു നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 12.

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ആരുമില്ല.

(സി) ഈ തസ്തികകൾക്ക് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(ഡി) സീനിയോറിറ്റിയുടെമാത്രം അടിസ്ഥാനത്തിൽ നിശ്ചിത പരിചയമുള്ള അസിസ്റ്റന്റുമാരിൽനിന്നും പ്രൊമോഷൻ നൽകുന്ന ഒരു തസ്തികയാണിത്. മറ്റെല്ലാ കോർപ്പറേഷനിലും ബോർഡിലും ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് ബാധകമാക്കിയിട്ടുണ്ടോയെന്നറിയില്ല.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകളും ഇതുമൂലം തടസ്സപ്പെട്ടിട്ടില്ല.

(എഫ്) ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ പ്രത്യേക ടെസ്റ്റ് കാലിഫിക്കേഷൻ നിശ്ചയിക്കേണ്ട ആവശ്യമില്ല. ടെസ്റ്റ് ബാധകമാക്കി ടെസ്റ്റ് പാസ്സാകാത്ത പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവരെ തരംതാഴ്ത്തി പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അസിസ്റ്റന്റ് അക്കൗണ്ടന്റുമാരെ ടെസ്റ്റ് പാസ്സാകുന്നതിൽനിന്നും ഇളവു കല്പിച്ച് സ്ഥാനക്കയറ്റം നൽകുന്ന നടപടി ശരിയായിരിക്കുകയില്ല.

വയനാട് പോളിടെക്നിക്കിലെ സ്റ്റൈപ്പന്റു വിതരണം

334 [365] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വയനാട് ഗവൺമെന്റ് പോളിടെക്നിക്കിൽ സ്റ്റൈപ്പന്റിനു അർഹതയുള്ള ചില വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ഏഴുമാസമായി

LIBRARY ARCHIVES Kerala Legislative Assembly

സ്കൈപ്പൻറ് ലഭിക്കുന്നില്ലായെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് ഉടനെ വിതരണം ചെയ്യാനാവശ്യമായ നിർദ്ദേശം നൽകുമോ;

(സി) ഇപ്രകാരം സ്കൈപ്പൻറു വിതരണത്തിന് വീഴ്ച വരുത്തിയതിൻെറ ഉത്തരവാദികൾ ആരെല്ലാമാണ്;

(ഡി) മേലിൽ ഈ സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ഗവൺമെൻറ് പോളിടെക്നിക്കിൽ പഠിക്കുന്ന ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെ സ്കൈപ്പൻറു വിതരണത്തിൽ കുറച്ചു താമസം നേരിട്ടിട്ടുണ്ട്.

(ബി) ഇത് 5-6-1986-ൽ നൽകിക്കഴിഞ്ഞു.

(സി) ഇതിന് പ്രത്യേകമായി ആരും ഉത്തരവാദികളല്ല, ഫണ്ട് തീർന്നതിനാലാണ് സമയത്തുകൊടുക്കാൻ സാധിക്കാതെപോയത്.

(ഡി) സ്വീകരിക്കുന്നതാണ്.

കേരളത്തിലെ പോലീസ് സേന

335 [367] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. എം. അബൂബക്കർ:
,, കെ. പി എ. മജീദ്:
,, പി. സീതി ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയുടെ അംഗസംഖ്യ എത്ര;
(ബി) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 33157.
(ബി) ഈ വിവരം ലഭ്യമല്ല.

സ്ത്രീകളുടേയും പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടേയും നേരെയുണ്ടായിട്ടുള്ള ആക്രമണങ്ങൾ

336 [368] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ടി. കുമാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, എം. കെ. കേശവൻ:
,, പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണോ; ആണെങ്കിൽ അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly